

മേത്തോദ്ധാരണോൽസുകമായുള്ള ചില സാഹിത്യോപായങ്ങൾ

ഹുദൈഫ റഹ്മാൻ

കാനങ്ങളുള്ള കിത്താബുകൾ എന്ന ഈ കൃതി വിരചിച്ചിരിക്കുന്നത് അബ്ദുൽ ഹയ്യ് ഫാറൂഖി എന്ന മാന്യദേഹമാണ്. അത്യധികം ആഹ്ലാദത്തോടെയാണ് ഞാനീ കൃതിയെ പരിചയപ്പെടുത്തുന്നത്. എന്റെ ഈ പ്രതിവാര കോളത്തിൽ ഇങ്ങനെ ഒരു പുസ്തകത്തെയും ഗ്രന്ഥകർത്താവിനെയും പരിചയപ്പെടുത്തുമെന്ന് എന്റെ മഹിത വായനാസമൂഹം സ്വപ്നേപി പ്രതീക്ഷിക്കാത്തതാണെന്ന് എനിക്കറിയം. ഞാനും പ്രതീക്ഷിക്കാത്തതാണ്. എനിക്കും അശേഷം താൽപര്യമില്ലാത്തതുമാണ്. ഈ അക്ഷരകേളീവിലാസിതം മാസികയിൽ കഴിഞ്ഞ ഇരുപത്തിയഞ്ചോളം കൊല്ലമായി സാഹിത്യ വാരഫലം എന്ന എന്റെ പംക്തി നിതരാം ചെയ്തു പോരുന്ന സാഹിതീസേവനം കൈരളി വിസ്മരിക്കയില്ല. വിദേശ സാഹിത്യത്തെ മലയാളത്തിന് പരിചയപ്പെടുത്തലായിരുന്നു അവതാരോദ്ദേശ്യം. താമസം വിനാ കാലാന്തരേണ മലയാളത്തിലെ കൃതികളെ വിദേശ കലാ സൃഷ്ടികളുമായി താരതമ്യം നടത്തുന്നതിലേക്കും തൻമൂലം തന്നെ എനിക്ക് ശത്രുപീഢ അധികരിക്കുന്നതിലേക്കും ഇവ നയിക്കപ്പെട്ടു. ഏവർക്കും ഹിതകരം സ്തുതി ആണല്ലോ. അതു മനുഷ്യ സഹജമാണല്ലോ എന്ന് നിരീക്ഷിക്കാം. എന്നാൽ പലപ്പോഴും ഓരോരുത്തരും അപരനെ പുകഴ്ത്തുന്നതിനെ സ്വീകാര്യമായി നിനക്കാറില്ല. ഇവിടെ ആൾക്കാർ എന്നതു കൊണ്ട് ഞാൻ വിവക്ഷിക്കുന്നത് കവിതകളും കഥകളും എഴുതുന്ന സാഹിത്യകാർ എന്ന് പറയുന്ന വംശത്തെ പറ്റിയാകുന്നു. ഇവരെല്ലാം വിത്തമോഹികളും പരസ്പര സഹായി സംഘങ്ങളുമാണ്. എന്നാൽ ഞാൻ സാഹിത്യത്തെ വിത്തവർധകോപാധിയായി കാണുന്നില്ലെന്ന വിവരം ഇരുപത്തഞ്ചോളം കൊല്ലക്കാലം കൊണ്ട് നിങ്ങൾക്ക് നിരൂപിക്കാനാകും. ഉദാഹരണം കൊണ്ട് ഞാനിത് ഉദ്ദീപ്തമാക്കാം. കുംഭം 22ാം ലക്കത്തിലെ വാരഫലത്തിൽ കൂറൂർ സുബ്രഹ്മണ്യന്റെ കവിതയെ കോമളാംഗശോഭയുറ്റത് എന്ന് വിലയിരുത്തി രണ്ട് ഖണ്ഡിക എഴുതിയത് മാവില സഹദേവന് ഇഷ്ടമായില്ല. അയാൾ സാഹിത്യകുലപതിയായ എനിക്ക് കവിതയെ കുറിച്ച് ഒന്നും അറിയില്ലെന്നും പറഞ്ഞ് പത്രാധിപർ മണിഅയ്യർക്ക് കത്തയച്ചു. അതെനിക്ക് പത്രാധിപർ കാട്ടിത്തന്നപ്പോൾ അതിനും രണ്ട് മാസം പുറകിലുള്ള അക്ഷരകേളീവിലാസിതത്തിന്റെ ലക്കത്തിൽ മാവിലയുടെ കവിതയെ പുകഴ്ത്തി ഞാനെഴുതിയതും അതിന് എന്നെ അഭിനന്ദിച്ചും നന്ദി രേഖപ്പെടുത്തിയും മാവില എനിക്കയച്ച കത്ത് പത്രാധിപർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. പത്രാധിപർ സന്തോഷിച്ചു. തെളിവ് കളയണ്ട. ആവശ്യം വരും. സാഹിത്യത്തിന്റെ പേരിൽ കോടതി കയറേണ്ടി വന്നിട്ടുണ്ട് ഞാൻ. അതെനിക്ക് സന്തോഷമുള്ള കാര്യമാണ്. സാഹിത്യകാരന് അനുഭവം വിലപിടിപ്പുള്ള രത്നമത്രെ. എന്താണ് ജയിൽ എന്നും ജയിൽ പുള്ളികൾ എന്താണ് ഭുജിക്കുന്നതെന്നും നമുക്ക് അറിയേണ്ടത് അനിവാര്യമത്രെ. സിനിമയിൽ നിന്നാണ് ജയിലുകളിൽ ഇപ്പോൾ ഗോതമ്പുണ്ട ഇല്ലെന്ന വിവരം ഞാൻ അറിയാനിട വന്നത്. സിനിമ ജനങ്ങളെ പലതും ഉദ്ബോധിപ്പിക്കുന്നു എന്നെനിക്ക് അന്ന് നിതരാം ബോധ്യപ്പെട്ടു. അതവിടെ നിൽക്കട്ടെ. ഹയ്യിന്റെ കാവ്യഗ്രന്ഥത്തെ കുറിച്ച് എന്റെ വിലയിരുത്തലുകൾ നടത്തുന്നതിന് മുന്നോടിയായി ഞാൻ ഗ്രന്ഥകർത്താവായ ഫാറൂഖിയെ കുറിച്ച് അൽപം വിവരിക്കട്ടെ. ആദ്യദർശനത്തിൽ തന്നെ അൽഭുതവും കൗതുകവുമാണ് എന്നിൽ അങ്കുരിച്ചത്. ഞാൻ എന്റെ എട്ടേക്കർ പുരയിടത്തിൽ മലയാള സാഹിത്യത്തിലെ കാരണവർ ആയി സുഖിച്ച് ചാരിക്കിടക്കുമ്പോഴാണ് ഇദ്ദേഹം വരുന്നത്. കഴിഞ്ഞ കാൽ ദശകത്തോളമായിക്കാണും ഞാൻ ഈ ചെരി ശയനം എന്റെ അടിസ്ഥാന ഭാവമാക്കിയിട്ട്. പലരും അവർക്ക് എന്റെ അനുഗ്രഹം കിട്ടാനായിട്ട് വരുന്നവരാണ്. പണ്ട് മുതലേ തറവാട്ടിലെ കുടികിടപ്പുകാരായിരുന്ന ഈഴവരും പുലയരും മറ്റും ഇപ്പോവും വലിയ ബഹുമാനമാണ്. അവർക്ക് ഇപ്പോഴും ജാതിയിൽ ഉയർന്നവരെ കരുതലോടെ ഗൗനിക്കണമെന്ന വിചാരമുണ്ട്. നല്ല കാര്യം. ആധുനികത നമ്മുടെ നാടിന്റെ നന്മ നശിപ്പിച്ചിട്ടില്ലയെന്നത് എന്തും സ്തുത്യർഹമായ കാര്യം തന്നെ. പലരും കാഴ്ചക്കുലകൾ, അടക്ക, എന്റെ വാരസ്യാർക്ക് നേര്യത് മുതലായവയുമായിട്ടാണ് വരുക. എഴുത്തിനിരുത്തുന്ന കാലമായാൽ സംസ്കൃതത്തിൽ എന്തെങ്കിലും നാല് വാക്ക് എഴുതിക്കാൻ കുട്ടിപ്പറയന്റെ മകള് വരും. അവളുടെ മകളുമായിട്ട്. സമാധാനം തന്നെ നമ്മുടെ പാരമ്പര്യവും സംസ്ക്കാരവും എല്ലാവരും കാത്തു സൂക്ഷിക്കുന്നുണ്ടല്ലോ. എല്ലാം നല്ല നിലയിൽ തന്നെ വിരാജിക്കുന്നതിനാൽ എനിക്ക് എന്റെ ചെരി ശയനം ഒട്ടും ഭംഗം വരുത്തേണ്ടതായിട്ട് വന്നിട്ടില്ല. ആലത്തിയൂരമ്മക്ക് സ്തുതി.

അങ്ങനെ ചാരുകസേരയിൽ ചാരി കുട്ടിപ്പറയന്റെ ചെറുമോള് കൊണ്ടു വന്ന വെറ്റിലയെടുത്ത് പാരമ്പര്യ വിധിപ്രകാരം നാര് കളഞ്ഞ് ഈ പറമ്പിലെ കാര്യങ്ങൾ നോക്കുന്ന താമി ഭവ്യത കൈവിടാതെ നൽകിയ അടക്കയെടുത്ത് മടക്കി വായിലേക്ക് തിരുകി മുറുക്കിച്ചോപ്പിച്ച് അലസമായി ആലത്തിയൂരമ്മ തന്ന അനുഗ്രഹത്തെ പറ്റി ശ്ലോകത്തിൽ ആലോചന ചെയ്ത് കിടക്കുമ്പോഴാണ് ഫാറൂഖി വരുന്നത്. തലയിൽ തൊപ്പി നെരിയാണിയിൽ നിന്ന് ഇറങ്ങില്ലെന്ന് വാശിയിൽ നിൽക്കുന്ന വെള്ള മുണ്ട്. കാലിൽ വില കൂടിയ ചെരുപ്പ്. അതായിരുന്നു അബ്ദുൽ ഹയ്യ് ഫാറൂഖി. ഞാനൊന്നു നോക്കി. അടിമുടി. ഞാനകത്തേക്ക് വിളിച്ച് പറഞ്ഞു എടീ എന്റെ പേഴ്സിൽ നിന്നും അമ്പത് രൂപ നോട്ടെടുത്താ ഞാനൊരു വാര്യർ ജാതിയിൽ പെട്ട സനാതന ധർമ്മമൂല്യത്തിൽ വിശ്വസിക്കുന്ന സാഹിത്യകാരനാണെങ്കിലും മാപ്പിള സമുദായത്തിൽ നിന്ന് പിരിവിന് വരുന്നവർക്ക് ചെറിയ സംഭാവന നൽകാൻ താൽപര്യമുണ്ട്. ന്യൂനപക്ഷ സമുദായം എന്ന നിലയിൽ അവർക്ക് നിർലോപം വിത്ത സഹായം നൽകേണ്ടത് നമ്മുടെ ബാധ്യതയാണെന്ന് പറഞ്ഞാലും എന്റെ അമ്മുക്കുട്ടി വാരസ്യാർക്ക് അതിഷ്ടമല്ല. അവളെപ്പോഴും തർക്കിക്കും. മേത്തമ്മാർ എന്നാണ് അവൾ പറയാറ്. അവൾ ഉടനെ തന്നെ ദുരവസ്ഥ ചൊല്ലും. കുമാരനാശാൻ പറഞ്ഞത് തെറ്റില്ലെന്നാണ് അവൾ കരുതുന്നത്. കയ്യിൽ ഒരു ബാഗ് അപ്പോൾ ഈ ശുഭ്ര വസ്ത്രധാരിക്കുണ്ടായിരുന്നു. ആഗതൻ

വലിയ ഭവ്യതയോടെയും പുഞ്ചിരിയോടെയും എ
ന്റെ മുമ്പിലേക്ക് വന്നു. അതിനേക്കാൾ മുമ്പേ പടിക
ടന്ന് ആദതന്റെ അത്തർ മണം എന്റെ നാസാരന്ധ്ര
ങ്ങളിൽ ഇക്കിളി കൂട്ടാൻ തുടങ്ങിയിരുന്നു. കോലാ
യിലേക്ക് വന്ന ഭാര്യ അമ്മുക്കുട്ടി വാരസ്യാർ പേഴ്സ്
എന്നെ ഏൽപിച്ച് വേഗം മൂക്ക് പൊത്തി അകത്തേ
ക്ക് പോയി. പണം നീട്ടിയപ്പോൾ ആഗതൻ പുഞ്ചിരി
ച്ചു കൊണ്ട് അത് നിഷേധിച്ചു. താൻ പണം തേടിയ
ല്ലെന്നും സാഹിത്യ വാസന ഒന്നു കൊണ്ടു മാത്രമാ
ണ് താനീ പടിപ്പുര കേറി വന്നതെന്നും പ്രതിവചി
ച്ചു. അദ്ദേഹം രചിച്ച പുസ്തകം എനിക്ക് നേരെ നീ
ട്ടി. അതിലുപരി എന്നെ ആകർഷിച്ചത് ഞാനെഴുതി
യ വരികളുടെ കടുത്ത ആരാധകനാണെന്നും പറ
ഞ്ഞ് ചില വരികൾ ചൊല്ലാൻ തുടങ്ങി.

അമ്പലപ്പടിയിലെ ആരോമൽ വൃക്ഷമേ
നീയെനിക്കേകുമാ ധന്യ നിമിഷങ്ങൾ

എന്ന് പാടി അതിന്റെ അർത്ഥ ഗരിമയെ കുറിച്ച് വാ
ചാലനായി ഫാറൂഖി. ഞാൻ വാരസ്യാരോട് പിന്നീട്
പറഞ്ഞു നോക്കൂ എല്ലാ മേത്തമ്മാരും നീയും കുമാ
രനാശാനും കരുതുന്ന പോലെയല്ല. ചിലർക്കെങ്കി
ലും കവിതയും സാഹിത്യവും അറിയാം. സാഹിത്യ
ത്തിലൂടെ മാത്രമേ മേത്തനെ മനുഷ്യനാക്കാൻ പറ്റൂ
എന്ന കാര്യം നീയോർക്കണം. എന്നിട്ട് ഞാൻ കമാ
നങ്ങളുള്ള കിത്താബുകളിലെ ആദ്യ കവിത വായിച്ച്
കേൾപിച്ചു.

ആകാശത്ത് നിലാവിന്റെ പൂർണ്ണ പപ്പടം
നിനക്കുറിച്ചോർത്ത് എന്റെ രക്തത്തിനും മൈലാഞ്ചി
ച്ചോപ്പ്. ഞാൻ പ്രാരംഭത്തിൽ സൂചിപ്പിച്ച പോലെ
കേരള സാഹിത്യ അക്കാദമി നിയമിച്ച പുരുഷോത്ത
മൻ നായർ അധ്യക്ഷനായുള്ള സമിതിയെ കുറിച്ച്
പ്രബുദ്ധരായ എന്റെ വായനക്കാർ ഇതിനകം അറി
ഞ്ഞു കാണുമെന്ന് വിശ്വസിക്കുന്നു. ഇല്ലാത്തവർക്കാ
യി ഒരു മാത്ര കൂടി വിവരിക്കാം. മലയാളമോ സാഹി
ത്യമോ അറിയാതെ ഒരു പാട് മേത്തമ്മാർ ഈ നാ
ട്ടിൽ അനാവശ്യമായ സാമൂഹ്യ വിരുദ്ധ പ്രവർത്തന
ങ്ങളിൽ ഏർപ്പെടുന്ന വിവരം കേന്ദ്ര ഇൻറലിജൻസ്
മാർഗേണ നമ്മുടെ സർക്കാറിലെത്തുകയും അവർ
അസ്വസ്ഥചിത്തരാവുകയും നമ്മുടെ സഹോദര മ
താംഗങ്ങളായ മേത്തരെ ക്ഷേമത്തിലേക്കും തദ്വാരാ
സമൂഹ നൻമയിലേക്കും നയിക്കുന്നതിന് വേണ്ടി എ
ന്ത് ചെയ്യാനാവുമെന്ന് സർക്കാർ കുണ്ഠിതപ്പെട്ടു.
ഒരു കമ്മീഷൻ ആയിക്കോട്ടെ എന്ന നിർദേശം എ
ന്നിൽ നിന്നാണ് പുറപ്പെട്ടത്. അത് സർക്കാറിന് ക്ഷ
പിടിച്ചു. അല്ലെങ്കിലും സർക്കാർ നല്ലവരോട് നല്ലതും
ദുർമാർഗികളോട് ദുർമാർഗവുമാണ് അവലംബിക്കു
ക. അതാണല്ലോ ധർമ്മം. ഈ വിഷയം പഠിക്കാനാ
യി പുരുഷോത്തമൻ നായരെ കമ്മീഷന്റെ അധ്യക്ഷ
നാക്കാം എന്ന് നിർദേശിച്ചത് എന്റെ കുശാഗ്രബുദ്ധി.
കുശാഗ്ര ബുദ്ധി എന്താണെന്ന് ഞാൻ പറയുന്നതിന്
മുമ്പ് ചില കാര്യങ്ങൾ കൂടി വായനക്കാർ ഗ്രഹിക്കേ
ണ്ടതുണ്ട്. മേത്തമ്മാർ കൂടുതൽ നേരവും അവരുടെ
വേദഗ്രന്ഥങ്ങളും അമ്മാതിരിപ്പെട്ട ചില മതസാഹി
ത്യങ്ങളും മാത്രം പാരായണം ചെയ്ത് കൂടുതൽ കൂ
ടുതൽ സങ്കുചിത ചിത്തരായി മാറിക്കൊണ്ടിരിക്കുക
യാണല്ലോ. അവരുടെ വേദഗ്രന്ഥത്തിന്റെ പേര് കോ
രൻ എന്നാണ്. ചിലർ ഖുറൻ എന്നും പറയും. അത്
ആയിരത്തൊന്നു രാവുകൾ എന്ന അറബി
ക്കഥാഗ്രന്ഥം പോലെ ഒന്നാണത്രെ. ഈ മേത്ത
മ്മാർ ഹോമിയോ മരുന്ന് കഴിക്കുന്ന പോലെ ദിവ
സം അഞ്ച് നേരം വെച്ച് ഇതിൽ നിന്നുള്ള വാചക
ങ്ങൾ ഉരുവിടും. അതിന്റെ അർത്ഥമെന്താണെന്ന്
അറിയുകയുമില്ല ഭൂരിഭാഗത്തിനും. അവിടെയാ
ണ് അബ്ദുൽ ഹയ്യ് ഫാറൂഖിയുടെ പ്രസക്തി.
ഫാറൂഖിക്ക് സംസ്കൃതവും അറിയാം എന്നത്
എന്നെ അത്യധികം ഉൾപുളകിതനും ആത്മഹർ
ഷിതനുമാക്കുന്നു. കാരണം ഭാഷകളുടെ മാതാ
വ് തന്നെയാണല്ലോ ദൈവപ്രോക്തമായ സംസ്
കൃതം. ഇദ്ദേഹത്തിന്റെ ഭാഷാവ്യുൽപത്തിക്ക്
മികച്ച തെളിവായി ഞാനീ വരികളെ ഉദ്ധ
രിക്കട്ടെ

സ്വച്ഛശീതളാങ്കിയാം തപോവനം എൻ
മനം
ഉച്ചമീളിതം നിർഭരാങ്കിയാം നിൻ വനം
താപസ സങ്കൽപ പത്രികയാം ഈ ദ
ളം
ആഭാസ കൽപിത കൃതകയാൽ
മേളിതം

എന്താണ് ഇതിന്റെയൊക്കെ
വിവക്ഷയെന്ന് ഞാനായി ത
ന്നെ തുറന്ന് പറഞ്ഞ് വായ
നക്കാരുടെ ആസ്വാദന ചര
ടിനെ ഭംഗിക്കാൻ ഞാനുദ്ദേ
ശിക്കുന്നില്ല. തന്റെ ഭാഷാ
ബന്ധത്തെ കുറിച്ച് ഈ കൃ
തിയുടെ ആമുഖത്തിൽ അ
ദ്ദേഹം തന്നെ വിവരിക്കുന്ന
ത് നിങ്ങൾ പാരായണം ചെ
യ്താലും : മർക്കസിലെ വി
ശാലമായ ആ പാഠശാലയിൽ
ഞാൻ എത്തിപ്പെട്ടത് എന്റെ ഏ
റെ നാളത്തെ ആഗ്രഹഫലമായിരു
ന്നു. അറബിയും ഫാർസിയും ഇംഗ്ലീ
ഷും മലയാളോം ഞങ്ങൾ ഇവിടെ പഠി
ച്ചു. നമ്മുടെ മാതൃഭാഷയെ ഒട്ടും അവഗണി
ക്കാതിരുക്കുന്നതിന് ഞങ്ങളുടെ ഉസ്താദ് അ
ബു മുഹമ്മദ് മൗലവി വലിയ ശ്രദ്ധ പുലർത്തി
യിരുന്നു. അദ്ദേഹം അതിനായി പ്രത്യേകം സില
ബസും പ്രത്യേകമായി അധ്യാപകനേയും തയ്യാ
റാക്കിയിരുന്നു. ഞങ്ങളുടെ മലയാളം അധ്യാപ
കൻ നമ്പ്യാർ സാറായിരുന്നു. മെലിഞ്ഞ് നന്നായി
ഒതുക്കി വെച്ച മുടിയുള്ള കഥാപ്രസംഗത്തിന്
പോകുന്ന പോലെ ജുബ്ബയിട്ട മാഷ് കേറി വന്നത്
മുറുക്കിച്ചുവപ്പിച്ചായിരുന്നു. നമ്പ്യാർ സാർ പട്ടാമ്പി
യിലെ നീലകണ്ഠൻ മൂസതിന്റെ ഗുരുകുലത്തിൽ
നിന്ന് പാരമ്പര്യമായി വിദ്യാഭ്യാസം നേടിയ വിദ്വാ
നായിരുന്നു. നമ്പ്യാരെ ആണ് മൗലവി എന്ന അ
ബ്ദുൽ ഹയ്യിന്റെ ഉസ്താദ് തെരഞ്ഞെടുത്തത് എ
ന്നത് എനിക്ക് തികച്ചും ആകർഷകമായി തോന്നി.
നമ്പ്യാർ എഴുതിയ കാളിദാസനെ കുറിച്ചുള്ള ഉപാ
ഖ്യാനം അത്ര മികച്ചതൊന്നുമല്ലെന്നു അയാളുടെ
സംസ്കൃത വ്യുൽപത്തി അത്ര കേമമല്ലെന്നുമാണ്
എന്റെ പക്ഷമെങ്കിലും സാധാരണ ഒരു മേത്തനെ





പഠിപ്പിക്കാനുള്ള വക അയാളുടെ കയ്യിലുണ്ടെന്ന കാര്യത്തിൽ രണ്ടു വാക്കില്ല. ഞാനും ഈ നമ്പ്യാരും പട്ടാമ്പിയിൽ സംസ്കൃത ഗുരുകുലത്തിൽ പഠിക്കുമ്പോഴാണ് അമ്മുകുട്ടിയുമായി പ്രണയത്തിലാകുന്നത്. അതിന് ഇടങ്കോലിടാൻ പരമാവധി ശ്രമിച്ചവനാണ് നമ്പ്യാർ എന്നത് എനിക്കിപ്പോഴും മറക്കാനായിട്ടില്ല. അമ്മുകുട്ടി അന്ന് കാർകൂന്തൽ സമൃദ്ധിയാലും നയനങ്ങളിലെ കടാക്ഷത്താലും ചലനത്തിന്റെ ഗജഗാമിനീഭാവത്താലും ഏവരെയും ഉദ്ദീപിക്കുന്നവളായിരുന്നു. ഞാനും അന്ന് ഉദ്ദീപിതനായി. നമ്പ്യാരും ഉദ്ദീപിതനായെന്ന് പിന്നീടാണ് തെര്യപ്പെട്ടത്. ഞാൻ ഒരു കാവ്യശകലം വിരചിച്ചു.

കാർക്കൂന്തൽ ചിന്നും നിൻ ആനനം
വിജൃംഭിതം ഗമനം എൻ ആസനം

ഞാനിത് എഴുതിയെങ്കിലും പുറത്ത് കാട്ടാതെ വെച്ചിരുന്നതായിരുന്നു. എന്നാൽ ഇതിലെ ആസനം എടുത്ത് കാട്ടി അമ്മുകുട്ടിയുടെ മുഖം ആസനത്തിന് സമാനമാണെന്ന് നമ്പ്യാർ നിശ്ശേഷവും എന്നെ താറടിക്കാൻ ഉദ്യമിച്ചു.

ഞാൻ അപ്പോൾ കരുതി. ഇനി അമ്മുക്കുട്ടിയുടെ ആനനത്തിൽ നോക്കാൻ പറ്റില്ലെന്ന്. എന്നാൽ വിധിയുടെ വിളയാട്ടം പലപ്പോവും നമ്മൾ നിനക്കുന്നതിൽ നിന്നും ബഹുദൂരമത്രെ. അടുത്ത ദിവസം ശ്ലോകസദസ് കഴിഞ്ഞവാറെ അമ്മുകുട്ടി എന്നെ സമീപത്തേക്ക് ക്ഷണിച്ചു. വിറയാർന്ന കാലുകളോടെ ഞാൻ ചെന്നു. ഭാവ വ്യത്യാസമില്ലാതെ എന്നെ നോക്കി. എന്നിട്ട് പൊടുന്നനെ ആസനമാണോ ആനനമാണോ എന്നിൽ മികച്ചത് എന്ന് ചോദിച്ചതും ചിരിച്ചതും ഒപ്പമായിരുന്നു.

ഞാനിതോർമ്മിക്കാൻ കാരണം ഫാറൂഖിയുടെ മറ്റൊരു കാവ്യമാണ്. അതിങ്ങനെ.

കമ്പിത്തിരി പോൽ വിളങ്ങിടും എൻ നമ്പ്യാതിരി
ദർശനമാത്രയിൽ നിസ്തന്ദ്രമാം ദർശികൾ

ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ പുരുഷോത്തമൻ കമ്മീഷനെ പറ്റി. സത്യത്തിൽ ഈ കേമൻ ആ കമ്മീഷൻ സ്ഥാപിക്കുന്ന ആശയം വന്നപ്പോൾ എതിർത്തവനായിരുന്നു. മേത്തോദ്ധാരണമോ? അവൻ പൊട്ടിച്ചിരിച്ചു. സർക്കാറിന് പ്രാന്താണ്. നിനക്കോ. ഞാൻ പറഞ്ഞു. ശരിയാണ്. പക്ഷെ നമ്മൾ സ്ഥലജലവിഭ്രമിതരാവാൻ പാടില്ല. വിദ്യാഭ്യാസ വകുപ്പിലെ പുതിയ സർക്കുലർ കണ്ടോ. ഞാൻ ചോദിച്ചു. എന്താണത്. അവനും ചോദിച്ചു. അതാണ് താനിങ്ങനെ പറയുന്നത്. ഞാൻ പ്രസ്താവിച്ചു. മാപ്പിളമാരുടെ ജീവിതരീതികളും കലാസാംസ്ക്കാരികമായ സകല കാര്യങ്ങളും ഡോക്യുമെന്റ് ചെയ്യണമെന്നാണതിൽ നിർദേശിക്കുന്നത്. ഈ മുസ്ലിം ലീഗിന്റെ കയ്യിൽ നിന്ന് വിദ്യാഭ്യാസ വകുപ്പ് എടുത്ത് മാറ്റണം. അവനും പ്രസ്താവിച്ചു. രണ്ടാമത്തെ കാരണവും കൂടി എനിക്കുണ്ടായിരുന്നത് ഞാനവനോട് പറഞ്ഞില്ല.

ഞാനും അവനും കൂടി ഒരേസമയം ആയിരുന്നു കേരള സർവകലാശാലയിൽ മലയാളം വകുപ്പിന്റെ എമറിറ്റസ് പ്രൊഫസർ സ്ഥാനത്തിന് അപേക്ഷിച്ചത്. എന്നാൽ ഞാൻ പ്രതീക്ഷിച്ചത് അവൻ കമ്മീഷനിലേക്ക് പോകുമെന്നായിരുന്നു. മാപ്പിളോദ്ധാരണ കമ്മീഷന്റെ തലവനായി അവനെ ഞാൻ പ്രേരിപ്പിച്ചത് തന്നെ എനിക്ക് എമറിറ്റസ് ആവുന്നതിന് വേണ്ടിയായിരുന്നു. എന്നാൽ അവൻ കമ്മീഷനും ആയി. എനിക്ക് എമിറ്റസ് നഷ്ടവും ആയി. നോക്കണേ വിധിയുടെ മറ്റൊരു വിളയാട്ടം. ഇത്തവണ വിധി അവൻ നീക്കിയ കരുവിന്റെ പക്ഷത്തായി. എന്നാലും ഞാൻ സമാധാനിച്ചു. എമിറിറ്റസും കമ്മീഷനും പോയാലെന്താ. ആ സനഭംഗിയാർന്ന അമ്മുകുട്ടിയെ പ്രാപിക്കാനും സ്വന്തമാക്കാനും സാധ്യമായല്ലോ. അതിനാലാണ് ഞാൻ അബുദുൽ ഹയ്യ് ഫാറൂഖിയിലേക്ക് എത്തിയത്. ഈ കോളത്തിൽ ഈ മേത്തനെ കുറിച്ചെഴുതാൻ തീരുമാനിച്ചതും. പുരുഷോത്തമൻ നായർ ഈ മാപ്പിളോദ്ധാരണത്തിന്റെ മൊത്തം രക്ഷാകർതൃത്വവും ഏറ്റെടുക്കുമെന്ന് ഏതാണ്ട് ഉറപ്പായപ്പോഴാണ് എനിക്ക് ഫാറൂഖിയെ ഓർമ്മ വന്നത്. ഞാൻ മലയാള സാഹിത്യത്തിൽ വളരെ പ്രശസ്തമായ ഈ മരത്തിൻ ചോട്ടിൽ ഈ മരത്തിന്റെ തന്നെ മറ്റൊരു കൊമ്പ് വെട്ടിയെടുത്ത് നിർമ്മിച്ച ചാരു കസേരയിൽ ചാരി ഇരുന്ന് ചിന്തിക്കുകയായിരുന്നു. എന്നിട്ട് അമ്മു വാരസ്യാരെ നീട്ടി വിളിച്ചു. അവൾ വന്നു. സീരിയൽ മുടങ്ങിയതിന്റെ നീരസം ആനനത്തിൽ ഓളം വെട്ടി. അടുപ്പത്ത് നിന്ന് വരുമ്പോൾ കയ്യിൽ പിടിക്കുന്ന ചട്ടുകം പോലെ റിമോട്ട് മുഖത്തേക്ക് ചൂണ്ടികൊണ്ടാണ് അവൾ എന്നെ നോക്കിയത്. ഞാൻ ചോദിച്ചു അന്ന് വന്ന ആ മേത്തൻ കൊണ്ടു വന്ന കാവ്യപുസ്തകം ഒന്ന് തപ്പിയെടുക്കുമോ. വീണ്ടും മേത്തൻ എന്ന് കേട്ടതും അവളുടെ ആനനം വാടാനും അവൾ ദുരവസ്ഥ പാടാനും തുടങ്ങി. *ക്രൂരമുഹമ്മദർ ചിന്തും ചുടുചോരയാൽ...* മതി മതി നീ കവിത പാടണ്ട. ഞാൻ തന്നെ പോയി പരതിക്കൊള്ളാം എന്ന് പറഞ്ഞു മുറിയിലേക്ക് കേറി. ഞാൻ പുസ്തക റാക്കിലൊക്കെ തപ്പി. കിട്ടിയില്ല. അവസാനം അത് വേസ്റ്റ് ബോക്സിൽ മറഞ്ഞിരിക്കുന്നത് കണ്ടു. ഈ പുസ്തകത്തിൽ എനിക്ക് അനൽപമായ സന്തോഷം പകർന്ന ചില വരികളുമുണ്ട്.

ആദമിൻ വിധിയാണോ അഹദിൻ നിയതിയാണോ
ഇൻസാന്റെ ശക്കും ഹുദാവിന്റെ ഹഖും
ലാ ഇലാഹ് അല്ല ഇലാഹ്
വാ ഫലാഹ് എന്നും സമീഹ്

ഇൻസാൻ ശേക്ക് എന്നും ഹുദാ ഹഖും എന്നും പേരുള്ള രണ്ടു സുഹൃത്തുക്കളെ പറ്റിയുള്ള മേൽ വരികൾ സൗഹൃദത്തിന്റെ ആഴം കാട്ടിത്തരുന്നുവെന്നത് നിസ്തർക്കമത്രെ. രമണനും മദനനും മലയാളത്തിലെ പ്രശസ്തരായ സുഹൃത്തുക്കളാ

ണ്. അതേ പ്രകാരം തന്നെ മാപ്പിള സമുദായത്തിൽ നിന്നുള്ള പ്രശസ്ത സൗഹൃദങ്ങളായി ഇനി മേൽ ഇൻസാനും ഹുദായും വിരാജിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമേതുമില്ല. പിന്നെയും ചില വരികൾ ഞാൻ വായിച്ചു. എന്നിട്ട് ഫാറൂഖിയെ ഞാൻ വിളിച്ചു. മലയാള സാഹിത്യത്തിലെ ചാരിക്കിടക്കുന്ന മഹാത്മാവിന് എന്നെഴുതി ഒപ്പിട്ട് അതിനടിയിൽ തന്റെ ഫോൺ നമ്പറും ഫാറൂഖി പതിപ്പിച്ചിട്ടുണ്ടായിരുന്നു. അതിലാണ് ഞാൻ വിളിച്ചത്. വിളി കേട്ട ഭക്തനെ പോലെ അദ്ദേഹം ഓടിയെത്തി. വെറും കയ്യോടെയല്ല എത്തിയത്. അദ്ദേഹം കൊണ്ടു വന്ന വസ്തുവകകളുടെ ലിസ്റ്റ് : അഞ്ചുകുല കദളിപ്പഴം, മുപ്പത് കെട്ട് ആനവട്ടം ബ്രാൻറ് പപ്പടം, മുപ്പത് കിലോ വെളിച്ചെണ്ണ, ഒരു വലിയ കൃഷ്ണവിഗ്രഹം. ലിസ്റ്റ് അപൂർണമാണെന്ന് പ്രത്യേകം പറയേണ്ടല്ലോ. ചിലത് സൂചിപ്പിച്ചെന്ന് മാത്രം. ഒരു കാര്യത്തിൽ ഞാൻ കൃതാർത്ഥനായി. കൃഷ്ണ ഭക്തിയുടെ പാരാവാരത്തിൽ നീന്തുന്ന എനിക്ക് ഇത് വലിയ പുരസ്കാരമായി ഭവിച്ചു. അതും വെറും മേത്തനായ ഒരു ഫാറൂഖിയിൽ നിന്ന്. എന്നിട്ട് അദ്ദേഹത്തിന്റെ കാവ്യ പുസ്തകത്തിലെ ഒരു വാക്കിനെ പറ്റി ഞാൻ ചോദിച്ചു.

ചരാചരങ്ങളെ ചൂഴും അള്ളാ
മണ്ണിൽ നിനക്ക് ഞാൻ സുജൂദ്

ഇതിലെ അക്ഷരത്തെറ്റ് ഞാൻ ഭവ്യതയോടെ ഫാറൂഖിയോട് ബോധിപ്പിച്ചു. അള്ള് എന്നാണ് ശരിയായ മലയാള വാക്ക്. അള്ളാ അല്ലാ എന്ന് സൂചിപ്പിച്ചപ്പോ ഫാറൂഖി പറഞ്ഞത് കേട്ട് ഞാൻ അൽപം വിഷമത്തിലായി. ആ വാക്ക് അള്ളാ എന്നാണ്. അത് മാപ്പിളമാരുടെ ദൈവത്തിനെ വിളിക്കുന്നതാണ്. കാര്യം തിരിച്ചറിഞ്ഞ ഞാൻ നിങ്ങളുടെ വികാരം വ്രണപ്പെട്ടോ എന്ന് വിനയത്തോടെ തിരക്കി. ഫാറൂഖി തല കുലുക്കി നിഷേധിച്ചു. പൊലീസിനെ പോലെ തന്നെ ഏത് മഹാത്മാവിനും അബദ്ധം പറ്റുന്നതിൽ തെറ്റില്ലെന്ന് ഫാറൂഖി പറഞ്ഞതോടെ എനിക്ക് ശ്വാസം നേരം വീണു. കാരണം അബദ്ധം പറ്റാത്തവൻ മഹാത്മാവല്ല. ഞാനൊരു ശ്ലോകം ചൊല്ലി ഫാറൂഖിക്ക് കൂട്ടു നിന്നു.

ന നരാ: അബദ്ധോ വിജൃംബിത നയനാ
വിദ്രോഹിതം കുസുമ പരാവർത്തിതം മർത്യാ:

അതിന്റെ ആശയവും ഞാൻ വിശദീകരിച്ച് കൊടുത്തു. അബദ്ധം പറ്റിയില്ലെന്ന് ഒരുത്തൻ പറഞ്ഞാൽ അവന് കണ്ണില്ലെന്നർത്ഥം. അത് പരിക്ക് പറ്റാത്ത കുസുമം പൂവ് പോലെയത്രെ. നമ്മുടെ രണ്ടു പേരുടേയും മതം ഒന്ന് തന്നയാണെല്ലോ പറയുന്നതെന്ന് ഫാറൂഖി പറഞ്ഞത് കേട്ട് എനിക്ക് ചിന്താഭാരമുണ്ടായി. ഞാൻ ആനന്ദവിലാസിതനായി. എന്നാൽ അന്ന് രാത്രി വാരസ്യാർ മുഴുനീള പുലഭ്യം കൊണ്ട് മേത്തമ്മാരെയും അവർക്ക് കുഴലൂതുന്ന എന്നെയും അഭിഷേകിച്ചു. ഞാനത് കാര്യമാക്കിയില്ല. അവൾ കുമാരനാശാന്റെ കൂടെയാണല്ലോ. ഏതായാലും പുരുഷോത്തമൻ നായരുടെ കുൽസിതശ്രമം വിജയ പഥത്തിലെത്താൻ പോകുന്നില്ല. മാപ്പിളമാരെ മലയാള മുഖ്യധാരയുടെ വെള്ളിവെളിച്ചത്തിലേക്ക് ആനയിച്ചത് താനാണെന്ന് അയാൾ പറയാൻ ശ്രമിച്ചേക്കാം. എന്നാൽ എല്ലാത്തിനും ആലത്തിയൂരമ്മയും ബാക്കി



നേരങ്ങളിൽ ചരിത്രവും സാക്ഷി നിൽക്കുകയാണല്ലോ. അതിനാൽ കൂടിയാണ് ഞാൻ ഈ കൃതിയെ നിങ്ങളുടെ സമക്ഷം സമർപ്പിക്കുന്നത്. മലയാളത്തിലേക്ക് മേത്തമ്മാരെ കൊണ്ടുവന്നത് ഞാനാണെന്ന പരമയാഥാർത്ഥ്യം ആർക്കും നിഷേധിക്കാവതല്ല എന്ന പരമ സത്യം ഉച്ചൈസ്ഥരം പ്രസ്താവിപ്പാൻ വേണ്ടി. അല്ലെങ്കിൽ ഫാറൂഖി പറയട്ടെ. അല്ലെന്ന് ഫാറൂഖി പറയട്ടെ. ഈ കോളത്തിലൂടെ വീണ്ടും ഒരു കാര്യം ഞാൻ ഫാറൂഖിയുടെയും മറ്റു മേത്ത സുഹൃത്തുക്കളുടെ അറിവിലേക്കും ബോധത്തിലേക്കുമായി ഉണർത്തട്ടെ. അതിതാണ്. നിങ്ങൾ മലയാള സാഹിത്യം വായിക്കണം. അതിനായി ഞാൻ ചില കൃതികളുടെ പേരുകൾ സൂചിപ്പിക്കട്ടെ. എന്താണ് ആ കൃതികൾ വായിച്ചാലുള്ള ഗുണമെന്നു കൂടി ഉദ്ബോധിപ്പിക്കാം. ചിരുതേവി ചരിതം. പതിനാറാം നൂറ്റാണ്ടിലെ ഊ കാവ്യം നിങ്ങൾക്ക് ലൈംഗീക ദീപ്തി ഉണ്ടാക്കാൻ സഹായിക്കും. നിങ്ങൾ മേത്തമ്മാർക്ക് ലൈംഗീകത കഞ്ഞിക്കുള്ള ഉപ്പു പോലെയാണെന്ന് അറിയാതെയല്ല ഞാനിത് സൂചിപ്പിക്കുന്നത്. നിങ്ങൾക്ക് പ്രാകൃതമായ അറബി ലൈംഗീകത മാത്രമേ വശമുള്ളൂ. ശുദ്ധമായ ആഢ്യസംസ്കൃത രതി അറിയുക. അമ്പല മണിപ്രാവുകൾ എന്ന കാവ്യ കൃതിയും പാരായണം ചെയ്യുക. അത് ആലത്തിയൂരമ്മയുടെ പ്രസാദം ലഭിപ്പതിന് നിങ്ങളെ പ്രാപ്തരാക്കും. പറ്റുമെങ്കിൽ ഏതെങ്കിലും ദേവീക്ഷേത്രത്തിൽ ചെന്ന് ഈ മണിപ്രാവുകൾക്ക് അരി ദാനം ചെയ്യുക. നിങ്ങൾക്ക് ശുദ്ധീകൃത ചിന്ത അത് പ്രദാനം ചെയ്യും. നിർത്തട്ടെ. അമ്മേ പ്രണാമം.